**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4935** **14-03-2023 - ൽ മറുപടിയ്ക്ക്**

**ചെങ്കള - അക്കരക്കര - ബേവിഞ്ച റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർകോഡ് നിയോജകമണ്ഡലത്തിലെ ചെങ്കള - അക്കരക്കര - ബേവിഞ്ച റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 01.12.2021-ലെ സ.ഉ(സാധാ)നം.1070/ 2021/ പൊ.മ.വ ഉത്തരവ് പ്രകാരം 539.8 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയുടെ കാലാവധി 3 വർഷമാണ്. |
| (ബി) | ഉണ്ടെങ്കിൽ ഭരണാനുമതി തുകയും തീയതിയും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ; | (ബി) | 01.12.2021-ലെ സ.ഉ(സാധാ)നം.1070/ 2021/ പൊ.മ.വ ഉത്തരവ് പ്രകാരം 539.8 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിയുടെ കാലാവധി 3 വർഷമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്നും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 5,39,80,000/- രൂപയാണ്. എസ്റ്റിമേറ്റ് ചെയിനേജിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.പുതുക്കിയ ഭരണാനുമതി നൽകിയശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഡി) | പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാകാതെ അനന്തമായി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 5,39,80,000/- രൂപയാണ്. എസ്റ്റിമേറ്റ് ചെയിനേജിൽ മാറ്റം വരുത്തുന്നതിനും പുതുക്കിയ ഭരണാനുമതി നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.പുതുക്കിയ ഭരണാനുമതി നൽകിയശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ